സംസ്ഥാന ഫിഷറീസ് വകുപ്പ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഹഡ്കോയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ധനസഹായത്തിനായി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ മത്സ്യഗ്രാമങ്ങളിൽ മത്സ്യത്തൊഴിലാളിയായി രജിസ്റ്റർ ചെയ്തവർക്ക് അപേക്ഷിക്കാവുന്നതാണ്. 2 സെന്റിൽ കുറയാത്ത സ്വന്തമായി ഭൂമിയുള്ള വാസയോഗ്യമല്ലാത്ത ഭവനമുള്ളവർക്കും, സ്വന്തമായി ഭൂമിയില്ലാത്തവർക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷാഫോറം ബന്ധപ്പെട്ട മത്സ്യഭവനുകൾ, ജില്ലാ ഓഫീസുകൾ, എന്നിവിടങ്ങളിൽ നിന്നും 2014 ഫെബ്രുവരി മാസം 5–ാം തീയതി മുതൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ വിതരണം ചെയ്യുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2014 ഫെബ്രുവരി മാസം 15-ാം തീയതിയ്ക്കു മുമ്പായി അതാതു മത്സ്യഭവൻ/ജില്ലാ ഓഫീസിലോ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറം www.keralacoast.org വെബ്സൈറ്റിലും ലഭ്യമാണ്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ അപേക്ഷിച്ചിട്ടുള്ളവർ ഈ പദ്ധതിയുടെ ധനസഹായത്തിനായി വീണ്ടും അപേക്ഷിക്കേണ്ടതില്ല.

ഒപ്പ്
മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ